## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3533

11.12.18 - ൽ മറുപടിക്ക്.

## വികസന അതോറിറ്റികൾ

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര വികസന അതോറിറ്റികളുണ്ട്; അവ ഏതെല്ലാം; നിറുത്തലാക്കിയ വികസന അതോറിറ്റികൾ പുനഃസ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം വികസന അതോറിറ്റി, വിശാല കൊച്ചി വികസന അതോറിറ്റി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി എന്നീ മൂന്ന് വികസന അതോറിറ്റികളുണ്ട്. 10.03.2017-ലെ സ.ഉ.(കൈ) നം.54/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, വള്ളുവനാട് എന്നീ വികസന അതോറിറ്റികൾ നിർത്തലാക്കിയിരുന്നു. നിർത്തലാക്കിയ വികസന അതോറിറ്റികളൊന്നും പുനഃസ്ഥാപിച്ചിട്ടില്ല. |
| (ബി) | വികസന അതോറിറ്റികൾ 2016 ജനുവരി മുതൽ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും വെളിപ്പെടുത്തുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | വികസന അതോറിറ്റികളുടെ അധികാര പരിധിവിട്ട് ഏതെങ്കിലും സ്ഥലത്ത് പ്രൊജക്ടുകളോ പദ്ധതികളോ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | മുൻകാലങ്ങളിൽ ഏറ്റെടുത്ത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കുവാനുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ; | (ഡി) | വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഇ) | 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് നിലവിൽ വന്നതിനുശേഷം ഓരോ അതോറിറ്റികളും ഏറ്റെടുത്ത പുതിയ പ്രോജക്ടുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (ഇ) | വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | നഗരഹൃദയങ്ങളിൽ ഇടുങ്ങിയ റോഡും സുരക്ഷിതമല്ലാത്ത പഴയ കെട്ടിടങ്ങളുമുള്ള സ്ഥലങ്ങളിൽ ഭൂമി പുനഃക്രമീകരിച്ച് ലാൻഡ് പൂളിംഗ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന്റെ രൂപരേഖ തയ്യാറാക്കുവാൻ അതോറിറ്റികൾക്ക് നിർദ്ദേശം നൽകുമോ; | (എഫ്) & (ജി) | ഇത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഈ വകുപ്പിൽ നിലവിലില്ല |
| (ജി) | മറ്റു സംസ്ഥാനങ്ങളിലെ അതോറിറ്റികളുടെ പ്രവർത്തനങ്ങൾ പഠിച്ച് സംസ്ഥാനത്തെ അതോറിറ്റികളെ പുനരുജ്ജീവിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## 2016 ജനുവരിക്ക് ശേഷം വികസന അതോറിറ്റികൾ ഏറ്റെടുത്ത പുതിയ പദ്ധതികൾ

| 2016 ജനുവരിക്ക് ശേഷം വികസന അതോറിറ്റികൾ ഏറ്റെടുത്ത പുതിയ പദ്ധതികൾ | പൂർത്തിയായത് |
|---|---|
| **ഗോശ്രീ ദ്വീപ് വികസന അതോറിറ്റി**<br><br>i) മൂലമ്പിള്ളി പിഴല പാലത്തിന്റെ പിഴല ഭാഗത്തെ ഗ്രൗണ്ട് കണക്റ്റിവിറ്റി പാലം<br>ii) ഞാറക്കൽ താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം<br>iii) ചേന്നൂർ കോതാട് പാലം<br>iv) വൈപ്പിൻ ഭാഗത്തെ പുലിമുട്ട് ഉൾപ്പെടെയുള്ള തീര സംരക്ഷണ സംവിധാനങ്ങൾ<br>v) ഗോശ്രീ പാലത്തിന്റെ അറ്റകുറ്റ പണികൾ. | ഒരെണ്ണം (ഗോശ്രീ പാലത്തിന്റെ അറ്റകുറ്റ പണികൾ.) |
| **തിരുവനന്തപുരം വികസന അതോറിറ്റി**<br><br>i) ചാല വാണിജ്യ സമുച്ചയം<br>ii) പാളയം 'എ' ബ്ലോക്ക്<br>iii) പാളയം 'എം' ബ്ലോക്ക്<br>iv) കഴക്കൂട്ടം പദ്ധതി<br>v) പാളയം 'സി' ബ്ലോക്ക് ശേഷിച്ച പ്രവർത്തികൾ | ഒന്നും പൂർത്തിയായിട്ടില്ല |
| **വിശാല കൊച്ചി വികസന അതോറിറ്റി**<br><br>1.ഫിഫ അണ്ടർ 17 മത്സരങ്ങളോടനുബന്ധിച്ച് കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ<br>2. കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാമത്തെ നിലയുടെ നിർമ്മാണം<br>3. മുണ്ടംവേലി കൂട്ടുമത്സ്യകൃഷി<br>4. അംബേദ്കർ സ്റ്റേഡിയത്തിൽ പുനരധിവാസത്തിനായുള്ള കെട്ടിടനിർമ്മാണം.<br>5. കലൂർ മാർക്കറ്റിന്റെ പുനരുദ്ധാരണപ്രവൃത്തികൾ<br>6. കമ്പളങ്ങി ഗ്രാമപഞ്ചായത്തിന് വേണ്ടി ശ്മശാനനിർമ്മാണം<br>7. കലൂർ കടവന്ത്ര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ റീച്ച് 2<br>8. കൊച്ചി മറൈൻ ഡ്രൈവ് മൈതാനിയുടെ സൗന്ദര്യവൽകരണപ്രവൃത്തികൾ | 6 എണ്ണം പൂർത്തീകരിച്ചു (1,2,3,4,6,7) |

**അനുബന്ധം -2**

## വികസന അതോറിറ്റികൾ മുൻകാലങ്ങളിൽ ഏറ്റെടുത്ത പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളത്

### ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

1) മൂലമ്പള്ളി ചാത്തനാട് റോഡും പാലങ്ങളും പദ്ധതിയിലെ
i ) മൂലമ്പള്ളി പിഴല പാലം
ii ) വലിയ കടമക്കുടി ചാത്തനാട് പാലം

2 . എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ.

3 . താന്തോന്നിതുരുത്ത് ദ്വീപിലെ വികസന പ്രവർത്തനങ്ങൾ:

i ) ആവാസ മേഖലയിൽ വെള്ളം കയറുന്ന ഭാഗങ്ങളിലെ സംരക്ഷണ ജോലികൾ
ii ) പുറം ബണ്ടിന്റെയും ബണ്ട റോഡിന്റെയും നിർമാണം

4. വല്ലാർപാടം ദ്വീപിലെ സംരക്ഷണ ഭിത്തിയുടെയും ബണ്ട റോഡിന്റെയും നിർമാണം
5. പിഴല - ചേന്നൂർ - ചരിയംതുരുത്തു 9 m റോഡ് പദ്ധതി
6. മുളവുകാട് റോഡ് പദ്ധതി
7. വലിയവട്ടം ദ്വീപിലെ പാലം, കലുങ്ക്, റോഡ് നിർമാണം
8. ഉൾനാടൻ ജലഗതാഗത പദ്ധതിയിലെ ബോട്ട് നിർമാണം
9. വൈപ്പിൻ ഭാഗത്തെ ബീച്ച് റോഡ് നിർമാണം
10. ഫോർട്ട് വൈപ്പിൻ ഭാഗത്തെ നടവഴി നവീകരണം
11. അനുബന്ധം -1 പ്രകാരം 2016 ജനുവരിക്കു ശേഷം ജിഡ ഏറ്റെടുത്ത പുതിയ പദ്ധതികൾ പൂർത്തിയാകാത്തത്.

### തിരുവനന്തപുരം വികസന അതോറിറ്റി

2016 ജനുവരിയ്ക്കു മുൻപ് ഏറ്റെടുത്ത പദ്ധതികൾ എല്ലാം പൂർത്തീകരിച്ചു . അനുബന്ധം -1 പ്രകാരം 2016 ജനുവരിക്കു ശേഷം ട്രിഡ ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാക്കാനുണ്ട് .

### വിശാല കൊച്ചി വികസന അതോറിറ്റി

അനുബന്ധം -1 പ്രകാരം 2016 ജനുവരിക്കു ശേഷം ജിസിഡിഎ ഏറ്റെടുത്ത പദ്ധതികളിൽ കലൂർ മാർക്കറ്റിന്റെ പുനരുദ്ധാരണപ്രവൃത്തികൾ, കൊച്ചി മറൈൻ ഡ്രൈവ് മൈതാനിയുടെ സൗന്ദര്യവൽക്കരണപ്രവൃത്തികൾ എന്നിവ പൂർത്തിയാക്കാനുണ്ട്.